(24.07.2018)

# 'അപ് ഡൗൺ ആന്റ് സൈഡ് വെയ്സ്' ഓസ്കാറിലേക്ക്, സൗണ്ട് പ്രൂഫ് മികച്ച ഹ്രസ്വചിത്രം

പതിനൊന്നാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചിത്ര മേളയിലെ മികച്ച ലോംഗ് ഡോക്യുമെന്ററിയായി 'അപ് ഡൗൺ ആന്റ് സൈഡ് വെയ്സി'നെ തെരഞ്ഞെടുത്തു. അനുഷ്ക മീനാക്ഷി, ഈശ്വർ ശ്രീകുമാർ എന്നിവരാണ് ചിത്രത്തിന്റെ സംവിധായകർ. നാഗാലാന്റിലെ ഫേക്സിങ്ങിലെ നെൽക്കർഷകരുടെ ദുരിതജീവിതം പ്രമേയമാക്കിയ ഈ ചിത്രത്തിനാണ് ഓസ്കാർ നോമിനേഷൻ. 'ആൻ എഞ്ചിനീയേർഡ് ഡ്രീമി'നാണ് ഈ വിഭാഗത്തിൽ രണ്ടാം സ്ഥാനം.

ആദിത്യ കെൽഗാകർ സംവിധാനം സൗണ്ട് പ്രൂഫ് ആണ് മികച്ച ഹ്രസ്വചിത്രം. കുഞ്ഞില മാസിലാമണി സംവിധാനം ചെയ്ത ജി ഈ വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടി. ഗോകുൽ ആർ നാഥ് സംവിധാനം ചെയ്ത ഇട, ജി. ശങ്കർ സംവിധാനം ചെയ്ത ഒരുക്കം  എന്നിവ മികച്ച ക്യാമ്പസ് ചിത്രത്തിനുള്ള പുരസ്കാരം പങ്കിട്ടു.

ഷോർട്ട് ഡോക്യുമെന്ററി വിഭാഗത്തിൽ ചായക്കടക്കാരന്റെ മൻ കീ ബാത്തിനാണ് പുരസ്കാരം. നോട്ട് നിരോധനത്തിന്റെ ദുരിതങ്ങൾ പേറേണ്ടിവന്ന സമൂഹത്തിന്റെ നേർക്കാഴ്ചയൊരുക്കിയ ഈ ചിത്രം സംവിധാനം ചെയ്തത് സനൂപ് കുമിളാണ്. അഭിനവ ഭട്ടാചാര്യ സംവിധാനം ചെയ്ത ജമ്നാപാർ ആണ് ഈ വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടിയത്.

മികച്ച ഛായാഗ്രാഹകനുള്ള നവറോസ് കോൺട്രാക്ടർ പുരസ്കാരത്തിന് പി. എസ് വേണു അർഹനായി. സഹ്യന്റെ നഷ്ടം എന്ന ഡോക്യുമെന്ററിയാണ് അദ്ദേഹത്തിനെ പുരസ്കാരത്തിന് അർഹനാക്കിയത്. സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ജേതാക്കൾക്ക് പുരസ്കാരങ്ങൾ സമ്മാനിച്ചു.

**ഭീഷണികൾക്കെതിരെ വേണ്ടത്**
**ചങ്കൂറ്റത്തോടെയുള്ള പ്രതികരണം - മന്ത്രി എ.കെ. ബാലൻ**

സാംസ്കാരിക പ്രവർത്തകരെയും എഴുത്തുകാരെയും ഭീഷണികൊണ്ട് വരുതിയിൽ നിർത്താൻ ശ്രമിക്കുന്നവർക്കെതിരെ ചങ്കൂറ്റത്തോടെ പ്രതികരിക്കണമെന്ന് സാംസ്കാരിക മന്ത്രി എ.കെ. ബാലൻ. സാംസ്കാരിക മേഖലയിൽ അത്തരത്തിലുള്ള പ്രതിരോധങ്ങൾ ഉയർന്നാലെ ഭീഷണികൾ അവസാനിക്കൂവെന്നും അദ്ദേഹം പറഞ്ഞു. പതിനൊന്നാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചിത്രമേളയുടെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംവിധായകനായ കമൽ, എഴുത്തുകാരായ എം.ടി, എം.എം ബഷീർ, പ്രഭാവർമ്മ തുടങ്ങിയവർക്കെതിരെ ഭീഷണികൾ ഉയർന്നപ്പോൾ കേരളം ഒറ്റക്കെട്ടായി പ്രതികരിച്ചു. വിമർശകർക്ക് ഉചിതമായ മറുപടിയാണ് പ്രഭാവർമ്മ നൽകിയത്. അതുപോലെ ചങ്കൂറ്റത്തോടെ പ്രതികരിക്കാൻ മീശ എന്ന നോവലിന്റെ രചയിതാവ് എസ്. ഹരീഷും തയ്യാറാകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

കേരളത്തിൽ നടക്കുന്ന രാജ്യാന്തരമേളകളിൽ നാടിന്റെ പ്രാതിനിധ്യം ഉറപ്പാക്കാൻ കഴിയണം. രാമുകാര്യാട്ടിനെക്കുറിച്ചുള്ള ഡോക്യുമെന്ററി ഇത്തവണത്തെ മേളയിൽ ഉൾപ്പെടുത്തണമായിരുന്നുവെന്ന ചലച്ചിത്രപ്രേമികളുടെ അഭിപ്രായത്തെ സർക്കാർ ഗൗരവത്തോടെയാണ് കാണുന്നതെന്നും അദ്ദേഹം പറഞ്ഞു.

സാംസ്കാരിക സംവാദത്തിനുള്ള ഇടമായി ചലച്ചിത്രമേളകൾ മാറണമെന്നും അഭിപ്രായങ്ങൾ തുറന്നുപറഞ്ഞ് അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കുന്നതുവഴി മാത്രമേ സാംസ്കാരിക മറവിരോഗം ബാധിച്ചവരെ ചികിത്സിക്കാൻ സാധിക്കൂവെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. മേളയിൽ യുവജനങ്ങളുടെ പങ്കാളിത്തം ശ്രദ്ധേയമാണെന്നും അത് കേരളത്തിന്റെ സാംസ്കാരിക ഔന്നത്യത്തെയാണ് ഉയർത്തിക്കാട്ടുന്നതെന്നും അദ്ദേഹം പറഞ്ഞു. മേയർ വി.കെ. പ്രശാന്ത്, ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ, വൈസ് ചെയർപേഴ്സൺ ബീനാപോൾ, സെക്രട്ടറി മഹേഷ് പഞ്ചു തുടങ്ങിയവർ പങ്കെടുത്തു.

# പലസ്തീനികളുടെ ചിന്തകൾ സ്വതന്ത്രമാക്കുക ലക്ഷ്യമെന്ന് റഔദ് അന്റോണി

പലസ്തീൻ ജനതയുടെ ചിന്തകളെ സ്വതന്ത്രമാക്കുകയാണ് തന്റെ ചലച്ചിത്ര ലക്ഷ്യമെന്ന് റഔദ് അന്റോണി. യുദ്ധക്കെടുതികളുടേയും ദുരിതങ്ങളുടേയും ഇരകളായാണ് പുറംലോകം പലസ്തീൻകാരെ ചിത്രീകരിക്കുന്നത്. എന്നാൽ തങ്ങൾ ഒരു രാജ്യത്തിന വേണ്ടിയുള്ള സ്വപ്നം യാഥാർത്ഥ്യമാക്കാനാണ ശ്രമിക്കുന്നതെന്ന് ഇൻകോൺവെർസേഷനിൽ പങ്കെടുക്കവെ അദ്ദേഹം പറഞ്ഞു.

കാൽ ഭാഗത്തോളം പലസ്തീനിയൻ ജനതയും തടവുകാരാണ്. താനും അതിന വിധേയമായിട്ടുണ്ട്. അതിനുശേഷം തനിക്ക് ഉത്തരങ്ങൾ കണ്ടെത്താനുള്ള ഉപാധിയായാണ് സിനിമാനിർമ്മാണത്തെ കാണുന്നതെന്നും റഔദ് അന്റോണി പറഞ്ഞു.

അവസാനിച്ചു